**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.166.** **07.12.2015 ൽ മറുപടിയ്ക്ക്.**

## ഗതാഗത വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

| ചോദ്യം<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, വി.റ്റി.ബൽറാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗതാഗത വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തു-ന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (ബി) | പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുക, അഴിമതി തടയുക, ഇടനിലക്കാരെ ഒഴിവാക്കുക, പണമിടപാട് സുതാര്യമാക്കുക, എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം നടപ്പിലാക്കിയ പദ്ധതി പിന്നീട് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇ-ട്രഷറിയുമായി ബന്ധപ്പെടുത്തി കൂടുതൽ ബാങ്കുകളെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. വകുപ്പ് സ്ഥാപിച്ചിട്ടുള്ള സ്പീഡ് ക്യാമറകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ചാർജ് മെമ്മോയ്ക്കുള്ള ഫൈനും ഇപ്പോൾ ഇ-പേയ്മെന്റ് വഴി അടയ്ക്കാവുന്നതാണ്. വകുപ്പിന്റെ 23 ഓൺലൈൻ സേവനങ്ങളിൽ 19 സേവനങ്ങൾക്കുള്ള ഫീസും പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ഓട്ടോറിക്ഷാ (ട്രാൻസ്പോർട്ട്) വാഹനങ്ങളുടേയും ടാക്സും ഓൺലൈനായി സ്വീകരിച്ചു വരുന്നു. ടാക്സ് അടയ്ക്കുന്ന തീയതിയിൽ കവറേജ് ഉള്ള വാഹന ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കുന്ന മാസത്തിന്റെ തൊട്ടു മുൻപുള്ള മാസം വരെ ക്ഷേമനിധി അടച്ചതിന്റെ തെളിവ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ കേരള മോട്ടോർ വാഹന നികുതി നിയമ പ്രകാരം അനുവാദമുള്ളൂ. ഇക്കാര്യങ്ങൾ ഓൺലൈനായി പരിശോധിക്കാനുള്ള സൗകര്യം ഇപ്പോൾ നിലവിലില്ല. അതിനു ശേഷം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സും ഇ-പേയ്മെന്റ് മുഖാന്തിരം അടയ്ക്കുന്നതിന് സാധിക്കും. ഈ സൗകര്യം ഒരുക്കാനായി ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഇ – പേയ്മെന്റ് നടപ്പാക്കാനായി 2014 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1976 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13/03/2015 ലെ ജി.ഒ.(പി)നം.15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം, 1975 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. ഇ-പേയ്മെന്റ് സ്വീകരിച്ചുകൊണ്ട് നല്കാവുന്ന സേവനങ്ങൾ എല്ലാം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.